പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 152

# 2022-ലെ ജനവാസമേഖലകളിൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന അക്രമകാരികളായ (അക്രമസ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ ബിൽ

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

1457/2022.

# 2022-ലെ ജനവാസമേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമകാരികളായ (അക്രമസ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ ബിൽ

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് അക്രമകാരികളായ തെരുവുനായ്ക്കൾ ഉൾപ്പെടെയുള്ള മൃഗങ്ങൾ ജനവാസമേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നതുമൂലം മനുഷ്യജീവനും സ്വത്തിനും അപകടം ഉണ്ടാകുന്നതു തടയാനും അതോടൊപ്പംതന്നെ ഈ മൃഗങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി സുരക്ഷിത വാസ സ്ഥലങ്ങളിലേക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിൽ പൊതുസ്ഥലങ്ങളിൽ അക്രമവാസനയുള്ള മൃഗങ്ങൾ പെരുകുന്നതുമൂലം മനുഷ്യർക്കും മൃഗങ്ങൾക്കും സുരക്ഷിതമായ സാഹചര്യം സൃഷ്ടിക്കേണ്ടതും മനുഷ്യ സുരക്ഷ നിലനിർത്തേണ്ടതും അനിവാര്യമായി തീർന്നിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്ടിന് 2022-ലെ ജനവാസ മേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമകാരികളായ (അക്രമസ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) "മൃഗങ്ങൾ" എന്നാൽ തെരുവുനായ്ക്കൾ ഉൾപ്പെടെ പൊതുസ്ഥലങ്ങളിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന അക്രമ സ്വഭാവമുള്ള മൃഗങ്ങൾ എന്നർത്ഥമാകുന്നു.

(2) "ബോർഡ്" എന്നാൽ കേരള സ്റ്റേറ്റ് ആനിമൽ വെൽഫെയർ ബോർഡ് എന്നർത്ഥമാകുന്നു.

(3) "ഡയറക്ടർ" എന്നാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എന്നർത്ഥമാകുന്നു.

(4) "ക്രൂരതകൾ" എന്നാൽ മൃഗങ്ങൾ മനുഷ്യരോടും മനുഷ്യർ മൃഗങ്ങളോടും കാണിക്കുന്ന ഏതു തരത്തിലുള്ള ഉപദ്രവങ്ങളും എന്നർത്ഥമാകുന്നു.

(5) "സമിതി" എന്നാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ രൂപീകരിച്ച സമിതി എന്നർത്ഥമാകുന്നു.

(6) "അക്രമകാരി" എന്നാൽ മനുഷ്യരോട് അക്രമസ്വഭാവവും ഉപദ്രവവും കാണിക്കുന്ന അലഞ്ഞു തിരിഞ്ഞു നടക്കുന്ന മൃഗങ്ങൾ എന്നർത്ഥമാകുന്നു.

(7) "സുരക്ഷിത വാസസ്ഥലം" എന്നാൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന മൃഗങ്ങളെ സുരക്ഷിതമായിട്ടുള്ള സ്ഥലങ്ങളിലേക്ക് മാറ്റി ഭക്ഷണവും അവശ്യമരുന്നും ട്രെയിനിംഗും നൽകി തെരുവിലേക്ക് വീണ്ടും പോകാത്ത രീതിയിൽ സംരക്ഷിക്കുന്നതിനും ജനങ്ങൾക്ക് സന്ദർശിക്കുന്നതിനും ദത്തെടുക്കുന്നതിനും സൗകര്യമുള്ള സ്ഥലം എന്നർത്ഥമാകുന്നു.

3. <u>ക്രൂരതകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.</u>—(1) മനുഷ്യരോടുള്ള ക്രൂരത,—

(a) മനുഷ്യന് ജീവഹാനി വരുത്തുന്ന രീതിയിൽ അക്രമിക്കുക;

(b) മനുഷ്യ ശരീരത്തിൽ ആഴത്തിലുള്ള മുറിവ് എൽപ്പിക്കുക;

(c) മനുഷ്യരുടെ കൃഷിയിടങ്ങളിലെ വിളവു നശിപ്പിക്കുക;

(d) മനുഷ്യരുടെ വളർത്തുമൃഗങ്ങളെ കൊന്ന് ഭക്ഷിക്കുകയും മുറിവേൽപ്പിക്കുകയും ചെയ്യുക;

(e) മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും പേവിഷബാധയേൽക്കുക.

(2) <u>മൃഗങ്ങളോടുള്ള ക്രൂരത,—</u>

(a) അലഞ്ഞു തിരിഞ്ഞു നടക്കുന്ന മൃഗങ്ങളെ അപായപ്പെടുത്തി കൊല്ലുക

(b) അലഞ്ഞു തിരിഞ്ഞു നടക്കുന്ന മൃഗങ്ങളെ ഭക്ഷണത്തിൽ വിഷം നൽകി കൊല്ലുക

(e) അലഞ്ഞു തിരിഞ്ഞു നടക്കുന്ന മൃഗങ്ങളെ മൃഗീയമായി ഉപദ്രവിക്കുക.

(f) വളർത്തുമൃഗങ്ങളെ പ്രായം ഏറെയാകുമ്പോൾ ഭക്ഷണവും മരുന്നും നൽകാതെ അപരിചിതസ്ഥലത്ത് ഉപേക്ഷിക്കുക.

4. <u>പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.</u>—പൊതു സ്ഥലങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമവാസന ഉള്ളതും ഇല്ലാത്തതുമായ തെരുവുനായ്ക്കൾ ഉൾപ്പെടെയുള്ളവയെ പിടികൂടി സംരക്ഷിച്ച് പഞ്ചായത്ത് മുൻസിപ്പൽ തലങ്ങളിൽ മൃഗാശുപത്രിയോടോ, അല്ലാതെയോ ഉള്ള യോഗ്യമായ സ്ഥലങ്ങളിൽ വേണ്ട ചികിത്സയും ഭക്ഷണവും (നായ്ക്കൾക്ക് ABC) നൽകി അവറ്റകളെ സംരക്ഷിക്കുകയും വേണ്ട ട്രെയിനിംഗ് നൽകി ആവശ്യക്കാർക്ക് ലൈസൻസ് നൽകി കൈമാറുകയും ചെയ്യേണ്ടതാണ്.

അതിനോടൊപ്പം മൃഗസ്നേഹികളുടെ സംഘടനകളെ കൂടി പുനരധിവാസ പദ്ധതിയിൽ കൂട്ടി യോജിപ്പിക്കേണ്ടതാണ്. വനം മേഖലയോട് സമീപമുള്ള ജനവാസ മേഖലകളിൽ വനസംരക്ഷണ സമിതികളേയും വനം വകുപ്പ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി പദ്ധതി രൂപീകരിക്കേണ്ടതാണ്.

5. കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം.—മൃഗങ്ങളോടുള്ള ക്രൂരത സംബന്ധിച്ച് അറിവോ, തെളിവുകളോ ലഭ്യമാകുന്ന പക്ഷം ഡയറക്ടർ മൃഗസംരക്ഷണ വകുപ്പിനോ, പോലീസിനോ കേസ് രജിസ്റ്റർ ചെയ്ത് നിലവിലുള്ള നിയമങ്ങൾ പാലിച്ച് മുന്നോട്ട് പോകാവുന്നതും അതോടൊപ്പം തെരുവിൽ നിന്നേറ്റെടുത്ത മൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഒരു ഓൺലൈൻ പോർട്ടലിൽ പ്രസിദ്ധീകരിക്കേണ്ടതും ദിനംപ്രതിയുള്ള കാര്യങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

6. നഷ്ടപരിഹാരം ലഭ്യമാക്കേണ്ട രീതി.—മൃഗങ്ങളുടെ ആക്രമണങ്ങൾ മൂലമുണ്ടാകുന്ന ചികിൽസാ ചെലവുകൾ സംസ്ഥാന സർക്കാരോ പ്രാദേശിക സർക്കാരുകളോ കൂട്ടായോ മുഴുവനായോ വഹിക്കേണ്ടതാണ്. കൂടാതെ പരിക്കപറ്റുന്ന വ്യക്തികൾക്കുണ്ടാവുന്ന നഷ്ടപരിഹാരം Motor Accident Claim Tribunal-ന് സമാനമായ രീതിയിൽ പ്രാദേശികമായി തന്നെ നൽകേണ്ടതാണ്. സംസ്ഥാനത്തിന് ചീഫ് സെക്രട്ടറിക്കോ, ജില്ലാ തലത്തിൽ കളക്ടർക്കോ, പ്രദേശികമായി സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കോ അധികാരം നൽകേണ്ടതാണ്.

7. പ്രാദേശിക തലത്തിലുള്ള പ്രവർത്തനങ്ങൾ.—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസ്നേഹികളെ കൂടി ഉൾപ്പെടുത്തി പ്രാദേശിക തലത്തിൽ സമിതികളുണ്ടാക്കി അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കൾ ഉൾപ്പെടെയുള്ള മൃഗങ്ങളെ കണ്ടെത്തേണ്ടതാണ്. പ്രസ്തുത സമിതികളിൽ മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരെയും ഈ മേഖലയിൽ പരിശീലനം ലഭ്യമായിട്ടുള്ള വ്യക്തികളെയും ഉൾപ്പെടുത്താവുന്നതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിശ്ചിത ഫീസ് ഈടാക്കി മുഴുവൻ വീടുകളിലുമുള്ള നായ്ക്കൾ ഉൾപ്പെടെയുള്ളവയുടെ രജിസ്ട്രേഷൻ ഉറപ്പു വരുത്തേണ്ടതും അതിൽ ആൺ പെൺ തുടങ്ങിയവയുടെ വേർതിരിച്ചുള്ള കണക്കുകൾ കൃത്യമായി ശേഖരിക്കേണ്ടതും മൃഗസംരക്ഷണ വകുപ്പ് ഇതിൽ പ്രജനനം ആവശ്യമില്ലാത്ത നായ്ക്കൾക്ക് ആനിമൽ ബർത്ത് കൺട്രോൾ പരിപാടി നടപ്പിലാക്കേണ്ടതുമാണ്. ഇതിൽ ഇളവുകൾ ആവശ്യമുള്ള വീടുകൾ ആ കാര്യം തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്. ജനിച്ച മൃഗങ്ങളുടെ എണ്ണവും അവയെപറ്റിയുള്ള തുടർ വിവരങ്ങളും ബന്ധപ്പെട്ട വ്യക്തികൾ പ്രാദേശിക തല സമിതിയെ കൃത്യമായി അറിയിക്കേണ്ടതാണ്. ഇതിനൊരു മോണിട്ടറിംഗ് സംവിധാനം ഉണ്ടാക്കേണ്ടതുമാണ്.

8. <u>ഡയറക്ടറുടെ മറ്റ് ചുമതലകൾ</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ചുവടെച്ചേർക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്,—

(1) തെരുവുകളിൽ മൃഗങ്ങൾ മനുഷ്യജീവന് ഭീഷണിയായ രീതിയിൽ അലഞ്ഞുതിരിയുന്നില്ല എന്ന കാര്യം ഉറപ്പാക്കണം;

(2) മൃഗസംരക്ഷണ വകുപ്പിൽ പ്രാദേശിക തലത്തിൽ ഒരു ടീം സജ്ജമാക്കി അവർക്കാവശ്യമുള്ള പരിശീലനം നൽകണം;

(3) തെരുവുനായ്ക്കളെ വന്ധീകരണ ശസ്ത്രക്രിയക്ക് ശേഷം സുരക്ഷമായ സ്ഥലത്ത് പാർപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കുക;

(4) വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് കർശനമായും നടപ്പിലാക്കുകയും, ലൈസൻസ് ഇല്ലാതെ വളർത്തുന്നവരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യുക;

(5) വളർത്തുമൃഗങ്ങളെ വളർത്തുന്നതിന് ഫീസ് ഈടാക്കുകയും ഈ തുക തെരുവുനായ്ക്കളെ സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുക;

(6) വളർത്തുമൃഗങ്ങളുടെ തിരിച്ചറിയൽ കാർഡും, വിൽപന നിയമങ്ങളും നടപ്പിലാക്കുക;

(7) മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് ആവശ്യമായ പൊതു ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുക;

9. <u>ശിക്ഷാനടപടികൾ</u>.—(1) ആക്റ്റിന് വിപരീതമായ രീതിയിൽ വീട്ടിൽ വളർത്തുന്ന മൃഗങ്ങളെ പൊതുയിടങ്ങളിൽ ഉപേക്ഷിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുക. പരമാവധി 10,000 രൂപവരെ പിഴയും 6 മാസം വരെ തടവും നൽകാവുന്നതാണ്

(2) തെരുവിൽ മൃഗങ്ങൾ അലയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആകാര്യത്തിൽ നടപടിയെടുക്കാത്ത വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയും ഇതേ രീതിയിൽ നടപടി സ്വീകരിക്കാവുന്നതാണ്.

(3) മൃഗങ്ങൾക്ക് എതിരെ ക്രൂരമായ രീതിയിൽ അക്രമം നടത്തുന്ന ഏതൊരാൾക്കും 10,000 രൂപയിൽ കുറയാത്ത പിഴയോ അല്ലെങ്കിൽ ഒരു വർഷം വരെ ലഭിച്ചേക്കാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകാവുന്നതാണ്.

10. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം മൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതി പോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരന്തരമായി പൊതുയിടങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നു. സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും ഇപ്പോൾ ഭീതി കാരണം പൊതുയിടങ്ങളിൽ നടക്കാൻ പോലും വയ്യാത്ത അവസ്ഥയാണ്. തെരുവുനായ്ക്കളുടെ അക്രമണത്തിനിരയായി ദിനംപ്രതി നിരവധിയാളുകൾ ചികിത്സയ്ക്കും അടിയന്തിര ശസ്ത്രക്രിയ്ക്കും വിധേയരാകേണ്ടിവരികയും അവരിൽ പലരും പേവിഷബാധയേറ്റ് മരണപ്പെടുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ വനം മേഖലകളിൽ കാട്ടാനയുടെ ശല്യവും വർദ്ധിച്ച വരുന്നു. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വളർത്തുനായ്ക്കളും പൂച്ചയടക്കമുള്ള മൃഗങ്ങളും ഭക്ഷണം കിട്ടാതലയുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളാണ് മനുഷ്യരെയും മറ്റ് ജന്തു ജീവജാലങ്ങളെയും ആക്രമിക്കുന്നതിന് ഇടയാക്കുന്നത്. ഇത് തടയുന്നതിന് ഈ പരിഷ്കൃതസമൂഹത്തിൽ നിയമപരമായ സംവിധാനം അത്യന്താപേക്ഷിതമാണ്. അതിനായി സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സംവിധാനം രൂപം കൊടുക്കുന്നതിനായി ശക്തമായ നിയമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യം നിലനിൽക്കുന്നു. ഇതിലൂടെ മനുഷ്യരുടെയും പൊതുസ്ഥലങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ ഉൾപ്പെടെയുള്ള മൃഗങ്ങളുടെയും അവകാശങ്ങൾ നിയമപരമായി സംരക്ഷിക്കാൻ വേണ്ടി ഉദ്ദേശിച്ച കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം.

ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്താൻ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 10-ാം ഖണ്ഡംകൊണ്ടുദ്ദേശിക്കുന്നു. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.